**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സമഗ്ര കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രീ-പ്രൈമറിതലം മുതൽ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ആയത് അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>കൂടാതെ വിവിധ വകുപ്പുകളുടെ പങ്കാളിത്തതോടെ ഒരു കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കർമ്മ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാംസ്കാരിക-കായിക വകുപ്പുകൾ വനം, സാമൂഹ്യനീതി വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി രൂപീകരിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 3 പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതും ഉറപ്പാക്കുക.<br>2. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക.<br>3. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രേഡുകളും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക. |
| (സി) | പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുകയും അതിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകളിലായി പ്രതിവർഷം 75598 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് സ്കൂളുകളിൽ എത്തുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവ്വത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- **മോഡൽ പ്രീ സ്കൂളുകൾ**

  പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 31 മോഡൽ പ്രീ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 31 സ്ഥാപനങ്ങളിലായി 500 കുട്ടികൾ പഠനം നടത്തി വരുന്നുണ്ട്. കുട്ടികൾക്ക് സമീകൃത പോഷകാഹാരങ്ങൾ ലഭിക്കത്തക്ക രീതിയിലാണ് മെനു തയ്യാറാക്കിയിട്ടുള്ളത്.

  പട്ടികവർഗ്ഗ മേഖലകളിലെ ഒന്നാം ക്ലാസിൽ ചേർക്കാൻ പ്രായത്തിലുള്ള എല്ലാ കുട്ടികളുടേയും പഠനം ഉറപ്പാക്കുന്നതിനും സ്കൂൾ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ എന്നിവർ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പ്രാദേശിക സർക്കാരുകൾ (ഗ്രാമപഞ്ചായത്ത്), സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ കൂടി സംയുക്ത ഇടപെടലുകളുടെ ഭാഗമായി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഫലപ്രാപ്തി കൈവരിക്കാൻ സാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നടപ്പ് വർഷം സർക്കാർ, എയിഡഡ് സ്കൂളുകളിലായി 6000 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയിട്ടുണ്ട്.

- **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

  പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 22 എം.ആർ.എസുകളിലായി 7099 വിദ്യാർത്ഥികളും 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലും, 10 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുമായി 5518 വിദ്യാർത്ഥികളും പഠനം നടത്തി വരുന്നു.

  ഹോസ്റ്റലുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്തുണയ്ക്കായി പാർട്ട് ടൈം ട്യൂട്ടർ/റസിഡന്റ്സ് ട്യൂട്ടർ, സ്റ്റുഡന്റ് കൗൺസിലർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഗണിത വിഷയങ്ങളിൽ അടിസ്ഥാന തത്വങ്ങൾ ലളിതമായ രീതിയിൽ പകർന്നു നൽകുന്നതിനും ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വർധിപ്പിക്കുന്നതിനും എം.ആർ.എസ്.-കളിൽ മഞ്ചാടി, മഴവില്ല് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

  പ്രീപ്രൈമറി വിദ്യാഭ്യാസവും പ്രാഥമിക വിദ്യാഭ്യാസവും ലഭിച്ച കുട്ടികൾ മാത്രമാണ് തുടർന്നുള്ള ക്ലാസ്സിൽ ഉയർന്ന ഗ്രേഡുകളിലേയ്ക്ക് എത്തുന്നുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇതിലേയ്ക്കായി തുടർച്ചയായ മോട്ടിവേഷണൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

- **രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം**

പ്രൈമറി തലത്തിൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് 75% ഹാജരുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് 500/- രൂപ വീതം പ്രോത്സാഹന ധനസഹായം നൽകി വരുന്നു.

- **ഗോത്രബന്ധു പദ്ധതി**

പ്രൈമറി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലായി 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

- **വിദ്യാവാഹിനി പദ്ധതി**

ദുർഘട പ്രദേശത്ത് താമസിക്കുന്ന വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളിൽ പോയി വരാൻ യാത്ര സൗകര്യമൊരുക്കി നൽകുന്നതിനായുള്ള വിദ്യാവാഹിനി പദ്ധതി പ്രകാരം 689 സ്കൂളുകളായി 25147 വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

**<u>വിവിധ സ്കോളർഷിപ്പുകൾ</u>**

- **പ്രീമെട്രിക് സ്കോളർഷിപ്പ്**

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി.-വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. കൂടാതെ 9, 10 ക്ലാസുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു.

- **പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**

പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി മുഖേന വിവിധ നിരക്കുകളിൽ വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തു വരുന്നു. ഏകദേശം 15233 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നു.

- **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം**

അക്കാദമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. ഏകദേശം 1915 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നു.

- **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി**

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള തുടർ പഠനത്തിനായി സ്കോളർഷിപ്പ്

നൽകുന്ന പദ്ധതി. യു.പി തലത്തിൽ പഠിക്കുന്ന 750 വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന 750 വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിക്കുന്നു.

- **സാമൂഹ്യപഠനമുറി**

  സ്കൂളിൽ നിന്നും നഗറുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് Internet Facility-യോടു കൂടിയുള്ള പഠന സൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 364 സാമൂഹ്യ പഠന മുറികളിലായി ഏകദേശം 7000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

- **ട്യൂട്ടോറിയൽ ഗ്രാന്റ്**

  8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അക്കാദമിക് പിന്തുണ നൽകുന്നതിനായി ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നു.